# കേരള സർവകലാശാല

നം. പി.ആർ.094/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ/ബി.എസ്സി ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 15-ന് തുടങ്ങുന്ന ബി.എ/ബി.എസ്സി (പാർട്ട് ഒന്ന്, രണ്ട് - ആന്വൽ സ്കീം - പ്രൈവറ്റ്, എസ്.ഡി.ഇ & എൽ.എസ്.സി) സബ്സിഡിയറി പരീക്ഷയുടേയും ജൂൺ 16-ന് തുടങ്ങുന്ന അഫ്സൽ ഉൽ-ഉലമ പരീക്ഷയുടെയും ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പേറ്റന്റ് നിയമം - സായാഹ്ന പി.ജി ഡിപ്ലോമ

കേരള സർവകലാശാല കാര്യവട്ടം നിയമപഠനവകുപ്പ് പേറ്റന്റ് നിയമത്തിലുള്ള സായാഹ്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ലാ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എട്ട് മാസം ദൈർഘ്യമുള്ള കോഴ്സിന് 3000/- രൂപയാണ് ഫീസ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി ജൂൺ 30.

### പി.ജി.ഡി.ബി.ടി ടൈംടേബിൾ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ 11-ന് തുടങ്ങുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ബ്യൂട്ടി തെറാപ്പി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി ഫലം

കേരള സർവകലാശാല 2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്സി (സി.ബി.സി.എസ് - 2013 സ്കീം & 2014 സ്കീം റഗുലർ & ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി (2013-ന് മുമ്പുള്ള അഡ്മിഷൻ)) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 20 വരെ അപേക്ഷിക്കാം. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ നിന്നും ലഭിക്കും.

### എം.ടെക് പ്രവേശനം : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കമ്പ്യൂട്ടർ സയൻസ്, ഫ്യൂച്ചർ സ്റ്റഡീസ്, ഒപ്റ്റോ ഇലക്ട്രോണിക്സ് എന്നീ പഠനവകുപ്പുകളിലെ എ.ഐ.സി.ടി.ഇ അംഗീകൃത എം.ടെക് - 2016 കോഴ്സിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങളും അപേക്ഷഫോമും വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 24.

### ജൂനിയർ റിസർച്ച് ഫെലോ

കേരള സർവകലാശാല കാര്യവട്ടം എൻവയോൺമെന്റൽ സയൻസ് പഠനവകുപ്പിൽ ഡി.എ.ഇ-ബി.ആർ.എൻ.എസ് പ്രോജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെലോ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ജൂൺ 15-നകം

അയയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ബി.ആർക് ഫലം

കേരള സർവകലാശാല 2015 ഒക്ടോബർ/നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ആർക് (റഗുലർ & സപ്ലിമെന്ററി - 2013 സ്കീം) പരീക്ഷയുടെ ടി.കെ.എം കോളേജ് (റഗുലർ) ഒഴികെയുള്ള മറ്റ് കോളേജുകളിലെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
04.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098